ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 15.10.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) ബീഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവം. NDA പ്രചാരണത്തിന് തുടക്കമിട്ട് പ്രധാനമന്ത്രി

**Assembly election activities in full swing in Bihar. Prime Minister kicks off NDA campaign.**

2) രാജ്യത്ത് കർഷക ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ

**Union Finance Minister Nirmala Sitharaman has said that the government is formulating and implementing schemes aimed for the welfare of farmers in the country.**

3) 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ തുറമുഖ മേഖലയ്ക്ക് സുപ്രധാന പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ

**Union Minister Sarbananda Sonowal says the port sector has a vital role to play in making India a developed nation by 2047.**

4) എറണാകുളത്ത് ചികിത്സയിലായിരുന്ന കെനിയ മുൻ പ്രധാനമന്ത്രി റെയ്‌ല ഒഡിംഗ അന്തരിച്ചു. അനുശോചിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി

**Former Kenyan Prime Minister Raila Odinga passes away while undergoing treatment in Ernakulam. Prime Minister Narendra Modi condoles his death.**

5) കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത; കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്ക്

**Heavy rains with thunderstorms likely in Kerala; Fishing banned off Kerala-Lakshadweep coasts till 19th of this month.**

☸☸☸☸☸☸☸☸☸☸☸☸

## BIHAR ELECTION FINAL LIST

ബിഹാറിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവം. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്രമോദി ബൂത്ത് തല പാർട്ടി പ്രവർത്തകരുമായി ആശയവിനിമയം നടത്തി പ്രചാരണത്തിന് തുടക്കമിട്ടു. ജനതാദൾ (യു) 57 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പുറത്തിറക്കി. ഡെപ്യൂട്ടി സ്പീക്കർ നരേന്ദ്ര നാരായൺ യാദവ് അലംനഗറിൽ നിന്ന് മത്സരിക്കും.

☸☸☸☸☸☸☸☸☸☸☸☸

## BIHAR- 2nd BJP LIST

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ബിജെപിയുടെ രണ്ടാമത്തെ സ്ഥാനാർഥി പട്ടിക പുറത്തിറക്കി. 12 സ്ഥാനാർത്ഥികളടങ്ങിയതാണ് പട്ടിക. ഗായിക മൈഥിലി താക്കൂർ അലിനഗർ സീറ്റിൽ നിന്നും മുൻ ഐപിഎസ് ഓഫീസർ ആനന്ദ് മിശ്ര ബക്സർ സീറ്റിൽ നിന്നും മത്സരിക്കും.

☸☸☸☸☸☸☸☸☸☸☸☸

## BIHAR 3

മത്സരിക്കുന്ന മണ്ഡലങ്ങൾ സംബന്ധിച്ച് വിവിധ രാഷ്ട്രീയ കക്ഷികളുമായി ചർച്ച നടത്തിയെന്ന് ബിജെപി ബിഹാർ ഘടകം അധ്യക്ഷൻ ദിലീപ് ജയ്സ്വാൾ പറഞ്ഞു. ഇതിന് ശേഷമാണ് സ്ഥാനാർത്ഥി പ്രഖ്യാപനം ആരംഭിച്ചത്. അതേസമയം, മഹാ സഖ്യത്തിലെ പാർട്ടികളെല്ലാം ഒറ്റക്കെട്ടാണെന്നും ശക്തമായ പോരാട്ടം നടത്തുമെന്നും ആർജെഡി നേതാവ് മൃത്യുഞ്ജയ് തിവാരി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## BIHAR DY CM NOMINATION

ബിഹാർ ഉപ മുഖ്യമന്ത്രി വിജയ് സിൻഹ, ലഖിസാരേ മണ്ഡലത്തിൽ മത്സരിക്കുന്നതിന് നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു. മറ്റൊരു ഉപ

മുഖ്യമന്ത്രി സമ്രാട്ട് ചൗധരിയും ഡൽഹി മുഖ്യമന്ത്രി രേഖഗുപ്തയും ശ്രീ.വിജയ് സിൻഹയ്ക്കൊപ്പം ഉണ്ടായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸

## PM - KALAM BIRTH ANNIVERSARY

മുൻ രാഷ്ട്രപതിയും പ്രശസ്ത ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിമാരും ഉൾപ്പെടെയുള്ള പ്രമുഖർ. യുവജനങ്ങളെ പ്രചോദിപ്പിക്കുകയും, വലിയ സ്വപ്നങ്ങൾ കാണാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്ത മഹാനായ വ്യക്തിയായിരുന്നു ഡോ. എ.പി.ജെ അബ്ദുൾ കലാം എന്ന് സമൂഹമാധ്യമ സന്ദേശത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## KARNATAKA-SITHARAMAN(intro)

രാജ്യത്ത് കർഷക ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങളി ലൂടെ, ട്രാക്ടറുകൾ, കാർഷിക യന്ത്രങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയവയുടെ നികുതി കുറയ്ക്കു കയോ എടുത്തു മാറ്റുകയോ ചെയ്തതായി അവർ പറഞ്ഞു. കാർഷികോൽ പ്പന്നങ്ങളുടെ മൂല്യവർദ്ധനവ് കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുമെന്നും, വടക്കൻ കർണാടകയിലെ മേത്തഗൽ ഗ്രാമത്തിൽ കർഷക പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്രധനമന്ത്രി വ്യക്തമാക്കി.
( വോയിസ്.....)

☸☸☸☸☸☸☸☸☸☸☸☸

## ASWINI VYSHNAV

കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ റെയിൽവേയുടെ ആധുനിക വത്കരണത്തിന് സർക്കാർ വലിയ പ്രാധാന്യം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവേ ഉപകരണങ്ങളുടെ 16-ാമത് അന്താരാഷ്ട്ര പ്രദർശനം, ന്യൂഡൽഹി യിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. റെയിൽവേ നവീകരണം ദ്രുതഗതിയിലാക്കാൻ പ്രതിവർഷം രണ്ട് ലക്ഷത്തി 56

ആയിരം കോടി രൂപയുടെ നിക്ഷേപം നടത്തുന്നതായും  കേന്ദ്രമന്ത്രി വ്യക്ത മാക്കി.

☸☸☸☸☸☸☸☸☸☸☸☸

## PM-RAILA ODINGA

കെനിയയുടെ മുൻ പ്രധാനമന്ത്രി റെയ്‌ല ഒഡിംഗയുടെ നിര്യാണ ത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. മികച്ച രാഷ്ട്രതന്ത്രജ്ഞനും പ്രിയപ്പെട്ട സുഹൃത്തുമായിരുന്നു ഒഡിംഗ യെന്ന് ശ്രീ മോദി അനുശോചനക്കുറിപ്പിൽ പറഞ്ഞു. ഇന്ത്യയോ ടുള്ള ഒഡിംഗയുടെ മമത ഇന്ത്യ-കെനിയ ബന്ധം ശക്തമാകാൻ കാരണമായെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. എറണാകുളം കൂത്താട്ടുകുളത്ത്  സ്വകാര്യ ആശുപത്രിയിൽ നേത്ര ചികിത്സ യിലായിരുന്ന റെയ്‌ല ഒഡിംഗ ഹൃദയാഘാതത്തെ തുടർന്നാണ് അന്തരിച്ചത്. മൃതദേഹം കെനിയയിലേക്ക് കൊണ്ടുപോകുന്ന തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## SRILANKA PM - INDIA

ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യ മൂന്ന് ദിവസത്തെ സന്ദർശന ത്തിനായി നാളെ ഇന്ത്യയിലെത്തും.  സന്ദർശന വേളയിൽ വിവിധ ഉഭയ കക്ഷി കൂടിക്കാഴ്ചകളിൽ പങ്കെടുക്കും. ഡൽഹി യിൽ നടക്കുന്ന എൻഡിടിവി വേൾഡ് സമ്മിറ്റിലും ചിന്തൻ റിസർച്ച് ഫൗണ്ടേഷനിലും ശ്രീലങ്കൻ പ്രധാന മന്ത്രി മുഖ്യപ്രഭാഷണം നടത്തു മെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഐഐടി ഡൽഹിയും നീതി ആയോഗും ഹരിണി അമരസൂര്യ സന്ദർശിക്കും.

☸☸☸☸☸☸☸☸☸☸☸☸

## PRESIDENT - KERALA

രാഷ്ട്രപതി ദ്രൗപദി മുർമുവുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാഷ്ട്രപതി ഭവനിൽ ഇന്ന് കൂടിക്കാഴ്ച നടത്തി. നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി  ഈ മാസം 21 നാണ് കേരളത്തിലെത്തുന്നത്. തിരുവനന്തപുരത്ത് രാഷ്ട്രപതിക്ക് ഔദ്യോഗിക സ്വീകരണം നൽകും. 22 ന് ശ്രീമതി മുർമു ശബരിമല ക്ഷേത്രം സന്ദർശിക്കും.

☸☸☸☸☸☸☸☸☸☸☸☸

## SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ തുറക്കും. ഈ മാസം 18 ന് രാവിലെ സന്നിധാനത്ത് ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ സന്ദർശനത്തോട നുബന്ധിച്ച് ഈ മാസം 22 ന് ദർശന ത്തിന് നിയന്ത്രണമുണ്ടാകും.

☸☸☸☸☸☸☸☸☸☸☸☸

## SONWAL-PORTS ( intro)

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ തുറമുഖ മേഖലയ്ക്ക് സുപ്രധാന പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. ന്യൂഡൽഹിയിൽ ന്യൂ മാംഗ്ലൂർ തുറമുഖത്തിൻറെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായുള്ള ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തുറമുഖ ങ്ങളിലൊന്നാണ് ന്യൂ മാംഗ്ലൂർ എന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.
( വോയിസ്.....)

☸☸☸☸☸☸☸☸☸☸☸☸

## RAIN -KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ കോട്ടയം ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

☸☸☸☸☸☸☸☸☸☸☸☸

## GOVERNOR - DEFENCE PENSION

പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കാനുള്ള സ്പർശ് സമ്പർക്ക പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നാളെ പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ നിർവ്വഹിക്കും. കേരളത്തിന്റെ തെക്കൻ ജില്ലകളിലെ പ്രതിരോധ പെൻഷൻകാരുടെ പരാതികളാകും നാളെ പരിഗണിക്കുക.

## PANKAJ DHEER DEMISE

ദൂരദർശനിലെ പ്രശസ്തമായ മഹാഭാരതം ടെലിവിഷൻ പരമ്പരയിൽ കർണനെ അവതരിപ്പിച്ച നടൻ പങ്കജ് ധീർ അന്തരിച്ചു. 68 വയസാ യിരുന്നു. ഏറെ നാളായി അസുഖ ബാധിതനായിരുന്നു. സംസ്കാരം മുംബൈയിൽ നടന്നു.

## MAHA-NAXAL CADRES

മഹാരാഷ്ട്രയിലും ഛത്തീസ്ഗഢിലുമായി 88 മാവോയിസ്റ്റുകൾ കീഴടങ്ങി. മഹാരാഷ്ട്രയിലെ ഗഡ്ചിരോളിയിൽ 61 പേരും ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ വനിതകൾ ഉൾപ്പെടെ 27 മാവോയിസ്റ്റുകളുമാണ് കീഴടങ്ങിയത്. പോലീസിന്റെയും അർദ്ധസൈനിക വിഭാഗത്തിന്റെയും നക്സൽ വിരുദ്ധ പ്രവർത്തനങ്ങളെ അഭിനന്ദിച്ച മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ഗഡ്ചിരോളി പോലീസിന് ഒരു കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു. ഛത്തീസ്ഗഢിൽ കീഴടങ്ങിയവർക്ക് സർക്കാരിന്റെ പുനരധിവാസ നയ ത്തിന് കീഴിലുള്ള മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം അമ്പതിനായിരം രൂപ നൽകും.

## IFFI GOA

ഗോവയിൽ നടക്കാനിരിക്കുന്ന 56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേള യിലേക്ക് മാധ്യമ അക്രഡിറ്റേഷൻ ആരംഭിച്ചു. നവംബർ 5 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന മാധ്യമ പ്രവർത്തകർക്ക് നവംബർ 18-ന് പ്രത്യേക ചലച്ചിത്രാ സ്വാദന പരിശീലനം സംഘടിപ്പിക്കും. നവംബർ 20 മുതൽ 28 വരെയാണ് ചലച്ചിത്രമേള.

## RAJNATH - EX SERVICEMEN

വിരമിച്ച സൈനികർക്കും, ആശ്രിതർക്കുമുള്ള വിവിധ ധനസഹായങ്ങളിൽ നൂറ് ശതമാനം വർദ്ധനയ്ക്ക് അനുമതി നൽകി രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിങ്. പെന്യുറി ഗ്രാൻറ് നാലായിരത്തിൽ നിന്നും 8,000 രൂപയായി വർദ്ധി

ഷിച്ചു. പെൻഷൻകാരല്ലാത്ത വിഭാഗത്തിലുള്ള വിരമിച്ച സൈനി കർക്കും, വിധവകൾക്കുമാണ് ഇത് നൽകിവരുന്നത്. വിദ്യാഭ്യാസ ഗ്രാൻറ് ആയിരത്തിൽ നിന്നും രണ്ടായിരമായും, വിവാഹ ഗ്രാൻറ് അൻപതിനായിരത്തിൽ നിന്നും ഒരു ലക്ഷമായും ഉയർത്തി.

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 575 പോയിന്റ് ഉയർന്ന് 82,605 ലും നിഫ്റ്റി 178 പോയിന്റ് വർദ്ധിച്ച് 25,324 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ കുതിപ്പ് തുടരുന്നു. ഉച്ചയ്ക്ക് ശേഷം പവന് 400 രൂപ വർധിച്ച് 94,920 രൂപയും ഗ്രാമിന് 11,865 രൂപയുമാണ് ഇന്നത്തെ വില.

## CPR AWARENESS WEEK

ഒക്ടോബർ 13 മുതൽ 17 വരെയുള്ള രാജ്യവ്യാപക സിപിആർ അവബോധ വാരാചരണത്തിന്റെ ഭാഗമായി, വിവിധയിടങ്ങളിൽ CPR പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ജിപ്മർ പുതുച്ചേരിയിലെ എമർജൻസി മെഡിസിൻ ആൻഡ് ട്രോമ കെയർ വിഭാഗം ഇന്ന് നടത്തിയ ക്യാമ്പിൽ ജീവനക്കാർ, രോഗികളുടെ കൂട്ടിരിപ്പുകാർ, അധ്യാപകർ, കർഷകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. ജിപ്മർ കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സിപിആർ പ്രതിജ്ഞയും ക്വിസ് മത്സരവും നടന്നു.

## FAST TAG

രാജ്യത്ത് ഫാസ്റ്റ് ടാഗ് വാർഷിക പാസ് ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഉപയോക്താക്കളുടെ എണ്ണം ഇരുപത്തിയഞ്ച് ലക്ഷം പിന്നിട്ടു. 2025 ഓഗസ്റ്റ് 15-ന് ആരംഭിച്ച ഫാസ്റ്റ് ടാഗ് വാർഷിക പാസ് സംവിധാനത്തിൽ ഇതുവരെ ഏകദേശം 5.67 കോടി ഇടപാടുകൾ രേഖപ്പെടുത്തി. ഒരു വർഷത്തേക്കോ അല്ലെങ്കിൽ 200 ടോൾ പ്ലാസ ക്രോസിംഗുകൾക്കോ എന്ന കണക്കിൽ 3,000 രൂപ ഒറ്റത്തവണ ഫീസ് അടയ്ക്കുന്നതാണ് വാർഷിക പാസ്സ് സംവിധാനം.